## കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

**ഹാജർ :** ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 1055/11/12/2024/ TVM**

പരാതികക്ഷി : ശോഭ,ഐശ്വര്യാഭവൻ
പുതുശ്ശേരി വാർഡ് -34
നെടുമങ്ങാട്,

എതിർകക്ഷികൾ സജീവൻ

**ഉത്തരവ് തീയതി 13.01.2026**

പരാതിക്കാരിയുടെ ഭർത്താവ് കിടപ്പു രോഗിയാണെന്നും, എതിർകക്ഷി സഹോദരനാണെന്നും, പരാതികക്ഷിയുടെ കിണറിനു സമീപം എതിർകക്ഷി കക്കൂസ് ടാങ്ക് നിർമ്മിച്ചതിൻെറ ഫലമായി കിണർ മലിനപ്പെട്ടതായും മറ്റുമാണ് പരാതി സംഗതി.

2. പരാതി സംഗതിയിൽ നെടുമങ്ങാട് നഗരസഭാ സെക്രട്ടറി 2[illegible].03.2024 തീയതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചും ഹർജികക്ഷിയെ നേരിൽകേട്ടും കമ്മീഷൻ 07.11.2024 തീയതിയിൽ ഒരു ഉത്തരവു പാസാക്കിയിരുന്നു.
പരാതികക്ഷിക്കും എതിർകക്ഷിക്കും മുൻകൂർ നോട്ടീസ് നൽകിയശേഷം പരാതികക്ഷിയുടെ കിണറും എതിർകക്ഷിയുടെ കക്കൂസ് ടാങ്കും തമ്മിൽ മതിയായ അകലം പാലിച്ചിട്ടുണ്ടോ എന്ന് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടറെ കൊണ്ട് ഒരു അന്വേഷണം കൂടി നടത്തേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

3. കമ്മീഷൻ പാസാക്കിയ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട് നഗരസഭ സെക്രട്ടറി 11.02.2025 തീയതി Action Taken റിപ്പോർട്ട് സമർപ്പിച്ചു. വീണ്ടും നടത്തിയ പരിശോധനയിൽ പരാതികക്ഷിയുടെ കിണറിനു സമീപത്ത് എതിർകക്ഷിയുടെ വീട്ടിൽനിന്നുള്ള മലിനജലമോ മറ്റു മാലിന്യങ്ങളോ ഒന്നും നിക്ഷേപിച്ചിട്ടുള്ളതായി കാണാൻ സാധിച്ചിട്ടില്ല എന്നും പുതിയ സെപ്റ്റേജ് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കിയിട്ടുള്ളതും കിണറിൽ നിന്നും മതിയായ അകലം പാലിച്ചാണ് ഇതൊന്നും റിപ്പോർട്ടിൽ കാണുന്നു.

4. പരാതി പരിഗണനയ്ക്ക് എടുത്ത 01.08.2025 തീയതി പരാതികക്ഷി ഹാജരായിട്ടില്ല.എന്നാൽ കമ്മീഷൻ സിറ്റിങ്ങിനു ശേഷം ടിയാൾ ആക്ഷേപം സമർപ്പിച്ചു. ഇപ്പോഴും എതിർകക്ഷിയുടെ വീട്ടിൽ നിന്നുള്ള സെപ്റ്റേജ് മലിനജലം പരാതികക്ഷിയുടെ കിണറിലേക്ക് ഒലിച്ചിറങ്ങുന്നതായി പറയുന്നു.

5. ഇത് സംബന്ധിച്ചുള്ള പരാതി നെടുമങ്ങാട് നഗരസഭാ സെക്രട്ടറിക്ക് നൽകേണ്ടതാണ്. അപ്രകാരം പരാതി ലഭിച്ചാൽ പരാതികക്ഷിക്കും എതിർകക്ഷിക്കും മുൻകൂർ നോട്ടീസ് നൽകിയതിനുശേഷം എതിർകക്ഷിയുടെ വീട്ടിൽ നിന്നുള്ള മലിനജലം കാരണമാണോ പരാതികക്ഷിയുടെ കിണർ വെള്ളം മലിനപ്പെടുന്നതെന്ന കാര്യം നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടറെകൊണ്ട് കാര്യക്ഷമമായ ഒരു അന്വേഷണം കൂടി നടത്തേണ്ടതാണ്. ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥല പരിശോധന റിപ്പോർട്ട് ലഭിച്ചതിനു ശേഷം നഗരസഭാ സെക്രട്ടറി ഇരുകക്ഷികളെയും നേരിൽ കേട്ട് ഉചിതമായ നടപടികൾ നൽകേണ്ടതാണെന്ന് നഗരാസഭാ സെക്രട്ടറിയോട് നിർദ്ദേശി ച്ചുകൊണ്ട് പരാതി തീർപ്പാക്കുന്നു..

ഉത്തരവിന്റെ പകർപ്പ് നെടുമങ്ങാട് നഗരസഭ സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ